264404
12/12/17

കേരള സർക്കാർ

നം.1858832/ആർ.എ 1/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:06.12.2017

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണാനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന: 22.12.2016 ലെ 994733/ആർ.എ 1/2016/തസ്വഭവ നമ്പർ സർക്കുലർ.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിൽ/ഡാറ്റാ ബാങ്കിൽ നെൽവയൽ/തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ റവന്യൂ രേഖകളിൽ/ ബി.റ്റി.ആർ.-ൽ നിലം, പാടം, നെൽവയൽ, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തുകയും എന്നാൽ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതിന് മുമ്പ് നികത്തിയതോ നികത്തപ്പെടുകയോ ചെയ്ത സ്ഥലത്തുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചനയിലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം ഇത്തരം ഭൂമിയിൽ നിർമ്മാണാനുമതി/ഒക്കുപ്പൻസി/പെർമിറ്റ്/എൻ.ഒ.സി. നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രിക്കൾച്ചർ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.08.2008-നു മുമ്പ് നികത്തപ്പെട്ടതാണ് എന്ന് ഉറപ്പുവരുത്തി ശിപാർശ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഇത് നടപ്പിൽ വരുത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും, ഇത്തരം ഭൂമിയിൽ നിർമ്മാണാനുമതി ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അനേകം പരാതികൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. കൂടാതെ ഭവനം ഇല്ലാത്തവർക്കെല്ലാം സ്വന്തമായി ഭവനവും ജീവിതസുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഇത് മൂലം അനുഭവപ്പെടുന്ന തടസ്സങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൂടാതെ CRZ നിയമപ്രകാരമുള്ള നിയമക്കുരുക്കിൽപ്പെട്ടും പല അപേക്ഷകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുകയാണെന്ന കാര്യവും ജില്ലാ കളക്ടർമാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ റവന്യൂ രേഖകളിൽ/ബി.റ്റി.ആർ-ൽ നിലം, പാടം, നെൽവയൽ, തണ്ണീർത്തടം, വെറ്റ് ലാന്റ് എന്നിങ്ങനെയുള്ള തത്തുല്യപദങ്ങളാൽ രേഖപ്പെടുത്തിയിട്ടുള്ളതും അതേസമയം 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ

(തുടർച്ച.......2)

വരുന്നതിന് മുമ്പ് നികത്തിയതോ, നികത്തപ്പെട്ടതോ ആയതും, അതുകൊണ്ടു തന്നെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കേരള സർക്കാർ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ/കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതിനും, ഒക്കുപ്പൻസി/കെട്ടിട നമ്പർ/പെർമിറ്റ്/എൻ.ഒ.സി. എന്നിവ നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ നേരിട്ട് അധികാരപ്പെടുത്തികൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. റവന്യ രേഖയിൽ/ബി.റ്റി.ആർ.-ൽ നിലം, പാടം, നെൽവയൽ, തണ്ണീർത്തടം, വെറ്റ് ലാന്റ് തുടങ്ങിയ തത്തുല്യപദങ്ങളാൽ രേഖപ്പെടുത്തുകയും 12.08.2008 ന് മുമ്പ് നികത്തിയതോ നികത്തപ്പെട്ടതോ ആയതും അക്കാരണം കൊണ്ട് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം കേരള സർക്കാർ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ/കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നഗരപ്രദേശങ്ങളിൽ 5 സെന്റും നഗരേതര പ്രദേശങ്ങളിൽ 10 സെന്റും വരെയുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിന് ലൈഫ് മിഷൻ ഉൾപ്പെടെയുള്ള സർക്കാർ പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് നിർമ്മാണാനുമതി/ഒക്കുപ്പൻസി/പെർമിറ്റ്/എൻ.ഒ.സി. എന്നിവ നൽകേണ്ടതാണ്. ഈ ഭൂപരിധിക്കകത്ത് ഇതിനകം വീട് നിർമ്മിച്ച് കഴിഞ്ഞ് ഒക്കുപ്പൻസി/നമ്പർ എന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് സ്വന്തം താമസത്തിനുപയോഗിക്കുന്ന വീടുകൾക്കും ഒക്കുപ്പൻസി/നമ്പർ നല്കേണ്ടതാണ്. ഇതിനു പുറമേ ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടസമുച്ചയങ്ങൾക്ക് ഭൂപരിധി കണക്കാക്കാതെ നിർമ്മാണാനുമതി നൽകേണ്ടതാണ്.

2. ലൈഫ് മിഷൻ പദ്ധതിക്കായി സർക്കാരിലേക്ക് നിരുപാധികം വിട്ടു നൽകുന്ന ഭൂമിക്ക് (Relinquish ചെയ്ത ഭൂമിക്ക്) ഭൂപരിധി കണക്കാക്കാതെ നിർമ്മാണാനുമതി നൽകേണ്ടതാണ്.

3. ഇത്തരം സ്ഥലങ്ങളിൽ മുമ്പ് നിയമാനുസൃത കെട്ടിട നമ്പരോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്ന സ്ഥലത്ത് പുതിയ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകേണ്ടതാണ്.

4. മുമ്പ് നിയമാനുസൃത നമ്പരോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നതും പിന്നീട് പൊളിച്ചുകളയുകയും ചെയ്ത ഇത്തരം സ്ഥലങ്ങളിൽ ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം കെട്ടിടനിർമ്മാണാനുമതി നൽകേണ്ടതാണ്.

5. മേൽ സ്വഭാവത്തോട് കൂടിയ സ്ഥലങ്ങളിൽ നിലവിൽ നിയമാനുസൃത നമ്പരോട് കൂടിയ കെട്ടിടം/കെട്ടിടങ്ങൾ/വീട് അവയുടെ നവീകരണം നടത്തുന്നതിനോ അനുബന്ധ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനോ അനുമതി നൽകേണ്ടതാണ്.

6. ഇപ്പോൾ കെട്ടിക്കിടക്കുന്ന അപേക്ഷകൾ മേൽപ്പറഞ്ഞ രീതിയിൽ ഒരു മാസത്തിനകം തീർപ്പാക്കേണ്ടതാണ്. പുതുതായി ലഭിക്കുന്ന അപേക്ഷകളും ആയത് ലഭിച്ചാൽ ഒരു മാസത്തിനകം നിർബന്ധമായും തീർപ്പാക്കേണ്ടതാണ്.

(തുടർച്ച........3)

മറ്റ് ഗാർഹിക, വാണിജ്യ കെട്ടിട നിർമ്മാണങ്ങൾക്കുള്ള അപേക്ഷകളിൽ 22.12.2016 ലെ 994733/ആർ.എ 1/2016/തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടി സ്വീകരിച്ച് നിർമ്മാണാനുമതി/ഒക്കുപ്പൻസി/പെർമിറ്റ്/ എൻ.ഒ.സി. എന്നിവ നല്കേണ്ടതാണ്.

**ഡോ.കെ.എം.എബ്രഹാം**
**ചീഫ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
4. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
5. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
6. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
7. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
8. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
9. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
10. റവന്യൂ വകുപ്പ്
11. കൃഷി വകുപ്പ്
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
13. വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.